സ്വീകരിക്കും എന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉറപ്പ് മുഖവിലയ്ക്കെടുക്കുകയാണ്. ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ, ഒരു കുടുംബം നിരാലംബമായിരിക്കുന്നു. നിരാലംബമായ കുടുംബത്തെ സഹായിക്കാൻ അടിയന്തര സർക്കാർ സഹായം ഉണ്ടാകണമെന്ന അഭ്യർത്ഥനകൂടി മുന്നോട്ടുവയ്ക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യരായ രണ്ട് നിയമസഭാംഗങ്ങളും പ്രകടിപ്പിച്ച, ആ കുടുംബത്തിന്റെ ദുഃഖത്തിൽ ഞാനും പങ്കുചേരുകയാണ്. ശ്രീ. എം. വിൻസെന്റ് മൂന്നര വയസ്സും ഏഴ് വയസ്സുമുള്ള കുട്ടികളുടെ കാര്യം പറഞ്ഞു. ഈ മറുപടിക്ക് അവരെ തൃപ്തിപ്പെടുത്താനാകുമോ എന്ന് ചോദിച്ചു. അവരെ തൃപ്തിപ്പെടുത്താൻ ഒന്നുകൊണ്ടും കഴിയില്ല. കാരണം, നഷ്ടപ്പെട്ടത് അച്ഛനാണ്. ഒന്നും ആ അച്ഛനുപകരമാകില്ല. അത് നാം പൊതുവിൽ കാണണം. പോലീസ് സ്റ്റേഷനിലേയ്ക്ക് ആദ്യത്തെ ഫോൺ കോൾ പോയത് 11.45-നാണെന്ന് ഇവിടെ അദ്ദേഹം പറയുകയുണ്ടായി. ഞാൻ പറഞ്ഞത് പോലീസിന്റെ റിപ്പോർട്ട് തന്നെയാണ്, ഒരുമണി എന്നത് പോലീസ് റിപ്പോർട്ട് തന്നെയാണ്. എന്നാൽ അദ്ദേഹം പറഞ്ഞ തരത്തിൽ 11.45 ആണോ എന്നത് ഈ പരിശോധനയുടെ ഭാഗമായി വ്യക്തത വരുത്താം. ഇക്കാര്യത്തിൽ,

ചോദ്യം ചോദിച്ചതിന് കേസെടുത്തു എന്നുള്ള വാർത്ത ഞാനും പത്രത്തിൽ കണ്ടിരുന്നു. ഈ വിഷയത്തിൽ ഡി.ജി.പി.-ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങനെയൊരു ചോദ്യം ചോദിച്ചതിന് കേസെടുക്കുന്ന ഒരു നാടായി നമ്മുടെ നാട് മാറാൻ പാടില്ല. എന്തടിസ്ഥാനത്തിലാണ് കേസെടുത്തത് എന്ന് അന്വേഷിക്കണം. അത് അടിയന്തരമായും അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം എന്ന് പറഞ്ഞിട്ടുണ്ട്. അത്തരത്തിൽ പഴയ പോലീസ് ഉദ്യോഗസ്ഥൻ ആയിപ്പോയി എന്നുള്ളതുകൊണ്ട്.....

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ആ സംഭവസ്ഥലത്ത് ഏഷ്യാനെറ്റിന്റെ ലേഖകൻ ഇല്ലായിരുന്നു. ഒരു ഫേയ്സ്ബുക്ക് പോസ്റ്റ് ഇട്ടതിന്റെ പേരിലാണ് ശ്രീ. പി. ജി. സുരേഷ് കുമാർ എന്ന ഏഷ്യാനെറ്റിലെ സബ് എഡിറ്ററായ വ്യക്തിക്കെതിരെ കേസ് എടുത്തിരിക്കുന്നത്. ഇത് ഒരു അസാധാരണ സംഭവമാണ്. നമ്മൾ ഇപ്പോൾ ഇതറിഞ്ഞത് അദ്ദേഹം ഒരു പത്രലേഖകനായതുകൊണ്ടാണ്. സംസ്ഥാനത്ത് പല ഭാഗത്തും ഇതുപോലെയുള്ള നടപടികൾ ഉണ്ടാകുന്നുണ്ടെന്നുള്ള കാര്യം ഗവൺമെന്റ് പരിശോധിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ശ്രീ. ടി. പി. സെൻകുമാർ സംസ്ഥാനത്ത് എവിടെയൊക്കെ പോയി എന്നതിനെക്കുറിച്ച് ഇപ്പോൾ എന്റെ പക്കൽ വിവരം ഒന്നുമില്ല. അദ്ദേഹം പോയിടത്തൊക്കെ പത്രസമ്മേളനങ്ങൾ നടത്തി ഇങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ടോയെന്നും എനിക്കറിയില്ല. ഒരു പഴയ ഡി.ജി.പി. എന്നുള്ള നിലയ്ക്ക് ശ്രീ. ടി. പി. സെൻകുമാറിന്റെ ചില സ്വാധീനങ്ങൾ കൂടി ഇതിൽ പ്രതിഫലിച്ചിട്ടുണ്ടാകാം. അങ്ങനെ പ്രതിഫലിക്കേണ്ടതല്ല എന്നാണ് ഞാൻ പറഞ്ഞത്. അദ്ദേഹത്തിന്റെ തോന്നലുകൾക്കനുസരിച്ച് കേസെടുക്കലല്ല വേണ്ടത്, എന്താണ് ഇത് എന്ന് അന്വേഷിക്കണം, അതിന്റെ ഭാഗമായി ഈ കേസ് അവസാനിപ്പിക്കുന്ന നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ പറഞ്ഞത്. ആ തരത്തിൽ തന്നെ നമുക്ക് സ്വീകരിച്ച് നടപടികളെടുത്ത് പോകാൻ സാധിക്കും. ഇവിടെ അദ്ദേഹം സൂചിപ്പിച്ചതുപോലെ, മണ്ണെടുപ്പ് സംഭവത്തിൽ പോലീസുദ്യോഗസ്ഥർക്ക് വീഴ്ചകൾ പറ്റിയെങ്കിൽ... ആളുകൾ കിടന്നുറങ്ങുന്ന വീട്ടുപറമ്പിലുള്ള മണ്ണ് രാത്രി വന്ന് എടുത്തുകൊണ്ട് പോകുക എന്നുപറയുന്നത് ഒരു തരത്തിലും ഊഹിക്കാൻ പോലും കഴിയാത്ത, സംഭവിക്കാൻ പാടില്ലാത്ത കാര്യമാണല്ലോ. അപ്പോൾ അത്തരത്തിൽ ആവശ്യമായ നടപടികൾ ഫലപ്രദമായി സ്വീകരിക്കാത്ത

പ്രവാസിക്ക് കീഴാറ്റൂരിൽ ഉണ്ടായ ഭീതിജനകമായ സംഭവം. അർദ്ധരാത്രിയിൽ ഇരുളിന്റെ മറവിൽ ജെ.സി.ബി.-യും ടിപ്പറും ഉപയോഗിച്ച് ഗുണ്ടാസംഘം സ്വന്തം പുരയിടത്തിൽനിന്നും മണ്ണ് തുരന്നെടുക്കുന്നത് തടയാൻ ശ്രമിച്ച സംഗീത് ബാലൻ എന്ന ചെറുപ്പക്കാരനെ മണ്ണ് മാഫിയ ജെ.സി.ബി.-യുടെ ബക്കറ്റ് ഉപയോഗിച്ച് അടിച്ചുവീഴ്ത്തുകയും ടിപ്പർ ഉപയോഗിച്ച് ചതച്ചരച്ച് കൊല്ലുകയും ചെയ്ത സംഭവം കേരളത്തെ ഞെട്ടിപ്പിക്കുന്ന ഒന്നാണ്. കേരളത്തിൽ തന്നെയാണോ ഇത് നടക്കുന്നത്? കേരളം പോലെ ഇത്രയും പരിഷ്കൃതമായ ഒരു സമൂഹത്തിൽ മനഃസാക്ഷിയെ ഞെട്ടിപ്പിച്ച ഈ സംഭവത്തിൽ എത്ര ലാഘവബുദ്ധിയോടെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത്? സംഗീത് ബാലൻ എന്ന കഠിനാധ്വാനിയായ ചെറുപ്പക്കാരനെ ഇത്രയും ക്രൂരമായി കൊല്ലാനുള്ള ധൈര്യം മണ്ണ് മാഫിയയ്ക്ക് എങ്ങനെ ലഭിച്ചു? നമ്മുടെ സംസ്ഥാനത്ത് ഒരിക്കലും നടക്കാൻ പാടില്ലാത്ത അതീവ ഗുരുതരവും ക്രൂരവും ദാരുണവുമായ ഒരു സംഭവമാണ് കീഴാറ്റൂരിൽ ഉണ്ടായത്. ഇത്രയും ദാരുണമായ സംഭവത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഗവൺമെന്റിന് മാറിനിൽക്കാൻ സാധിക്കുമോ? ഗുണ്ടാസംഘങ്ങൾക്ക് മുഴുവൻ പൂർണ്ണമായ സ്വാതന്ത്ര്യം ഇന്ന് കേരളത്തിൽ ലഭിച്ചിരിക്കുകയാണ്. ഓരോ സംഭവങ്ങൾ എടുത്താൽ നമുക്ക്

വിളിക്കുന്ന സമയംകൂടി കുറച്ചുകിട്ടുന്നതിനുവേണ്ടി, അവരുടെ സമ്മതമില്ലാതെതന്നെ ക്വാറിയിംഗ് നടത്തുന്ന അവസ്ഥയിലേയ്ക്ക് പോകുകയാണ്. ചട്ടത്തിന്റെ പോലും ആവശ്യമില്ലായെന്നാണ് മാഫിയ നമ്മളോട് പറയുന്നത്. ഇത് ആവർത്തിക്കപ്പെടുന്ന ഒരു സാഹചര്യമെങ്ങനെയുണ്ടാകുന്നു? റവന്യൂ വകുപ്പും വ്യവസായ വകുപ്പും തമ്മിൽ ഒരു കോ-ഓഡിനേഷൻ ഇല്ലേ? കൃഷി വകുപ്പിന് ഇതിലൊന്നും പറയാനില്ലേ? ഇങ്ങനെ ബഹുമാനപ്പെട്ട പിണറായി വിജയൻ മുഖ്യമന്ത്രിയായിരിക്കുന്ന കേരളത്തിൽ ഇതുപോലെയുള്ള സംഭവവികാസങ്ങൾ ആവർത്തിക്കപ്പെടുന്നത്, പ്രത്യേകിച്ച് പോലീസിന്റെ വീഴ്ച കാരണം ധാരാളം മരണങ്ങളും കൊലപാതകങ്ങളും സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ, ഇതിനെക്കുറിച്ച് മുഖ്യമന്ത്രി കൃത്യമായ മറുപടി പറയാത്തതിലും, ആ കുടുംബം പെട്ടെന്ന് അനാഥമായിപ്പോയി ഒറ്റ ദിവസംകൊണ്ട് ആ സ്ത്രീ വിധവയാകുകയും രണ്ട് കുട്ടികൾ അനാഥരായി മാറുകയും ചെയ്യുന്നു, ആ കുടുംബത്തിനെ ഒന്ന് താങ്ങിനിർത്താനെങ്കിലുമുള്ള മറുപടി അങ്ങയിൽനിന്നും ഉണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു, അതുപോലും ഉണ്ടായില്ല. മാത്രമല്ല, ഈ കുറ്റകൃത്യം ചെയ്ത പോലീസിന്റെ പേരിൽ എന്ത് നടപടിയെടുക്കുമെന്നും വ്യക്തമാക്കിയില്ല.

ഇങ്ങനെ വ്യക്തതയില്ലാതെ മറുപടി ഒഴുക്കൻമട്ടിൽ നൽകിയതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇറങ്ങിപോകുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

ശ്രീ. മോൻസ് ജോസഫ്: സർ, ഭൂമാഫിയകളുടെ ആക്രമണം തടയാനും ഇത് അവസാനിപ്പിക്കാനും കഴിയുന്ന വിധത്തിൽ ശക്തമായ നിലപാടാണ് യഥാർത്ഥത്തിൽ ഈ ഘട്ടത്തിൽ ഗവൺമെന്റിൽനിന്നും ഉണ്ടാകേണ്ടത്. കുറ്റക്കാരായ പോലീസുകാരുടെ പേരിൽ കർശന നടപടി സ്വീകരിക്കാനോ അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ കഴിയുന്ന വിധത്തിൽ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യാനോ ഒന്നും സർക്കാർ തയ്യാറായിട്ടില്ല. വളരെ ദാരുണമായ ഒരു സംഭവമുണ്ടായി അതിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതിനും മാഫിയകളെ നിയമവ്യവസ്ഥയുടെ മുമ്പിൽ കൊണ്ടുവരുന്നതിനുംവേണ്ടിയുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അടിയന്തരമായി ഉണ്ടാകേണ്ടതുണ്ട്. അതിനുകഴിയാത്ത നിലയിലുള്ള സാഹചര്യമാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിരിക്കുന്നത്. ഇത് തീർച്ചയായിട്ടും

പ്രതിഷേധാർഹമാണ്. അതൊടൊപ്പം ഈ ദാരുണമായ സംഭവത്തെത്തുടർന്ന് നിരാലംഭരായ കുടുംബത്തെ സഹായിക്കാനുള്ള മാനുഷിക പരിഗണനപോലും സർക്കാർ കാണിച്ചിട്ടില്ല. ആ കുടുംബത്തെ സഹായിക്കാൻ കഴിയുന്ന സാഹചര്യം ഇനിയാണെങ്കിലും ഉണ്ടാകണം. ദാരുണമായ ഇത്തരം സംഭവങ്ങൾ കേരളത്തിൽ ആവർത്തിക്കപ്പെടാതിരിക്കാൻ കഴിയുന്ന രീതിയിലുള്ള ശക്തമായ നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഇത്തരത്തിൽ കർശനമായ നിലപാടുകൾ ഗവൺമെന്റ് സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞങ്ങളും ഈ വാക്ക് ഔട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ സംഭവം പോലീസിന്റെ അനാസ്ഥയാണ് വിളിച്ചറിയിക്കുന്നത്. ഇവിടെ ഒരു സംഭവമുണ്ടായപ്പോൾ പോലീസിനെ കൃത്യസമയത്ത് അറിയിച്ചെങ്കിലും ഒരു മണിക്കൂർ വൈകിയാണ് പോലീസ് അവിടെ എത്തുന്നത്. ഇതിനിടയ്ക്കാണ് സംഗീത് എന്ന പ്രവാസി ദാരുണമായി കൊലചെയ്യപ്പെട്ടത്. പോലീസ് കൃത്യമായി ഉണർന്ന്

